## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിയ്ക്ക് 1.2 ഏക്കർ സ്ഥലം 2013 ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കാവുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.214/18/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 23.01.2018.

പരാമർശം - 1) സ.ഉ.(സാധാ) നം. 3970/2017/ തീയതി 11.12.2017

2) കല്ലുവാതുക്കൽ കുടിവെള്ള പദ്ധതിക്കായി സ്ഥലമേറ്റെടുക്കുന്നത് ചർച്ച സംബന്ധിച്ച് 18.11.2017 ലെ ഭേദഗതി ചെയ്ത നടപടിക്കുറിപ്പ്

**ഉത്തരവ്**

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ജലവിതരണ പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിന് 18.11.2017 ൽ സർക്കാർ ഒരു യോഗം വിളിക്കുകയും ജലസംഭരണിക്ക് തൊട്ടുതാഴെ ഭൂഗർഭ ടാങ്ക് സ്ഥാപിച്ച് പരമാവധി കുറഞ്ഞ അളവിൽ സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2013 ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം 40 സെന്റ് സ്ഥലമേറ്റെടുക്കാൻ പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

എന്നാൽ ഉപരിതല സംഭരണി ഭൂഗർഭസംഭരണിക്ക് മുകളിൽ സ്ഥാപിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ പദ്ധതിക്കായി 77 സെന്റ് സ്ഥലം ഏറ്റെടുക്കേണ്ടത് ആവശ്യമാണെന്ന് വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കല്ലുവാതുക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 39-ൽ റീ.സ. നം. 306/3,306/10,306/14 ൽ ഉൾപ്പെട്ടുവരുന്ന 1.2 ഏക്കർ സ്ഥലത്ത് നിന്നും ആവശ്യമായ സ്ഥലം കുടിവെള്ള പദ്ധതിക്ക് ഏറ്റെടുക്കാമെന്നും ബാക്കി വരുന്ന സ്ഥലം ലൈഫ് മിഷൻ പദ്ധതിക്കായി ഉപയോഗപ്പെടുത്താമെന്നുമാണ് 18.11.2017 ലെ ചർച്ചയിൽ തീരുമാനിച്ചത്.

അതിന്റെ അടിസ്ഥാനത്തിൽ, കല്ലുവാതുക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 39-ൽ റീ.സ. നം. 306/3,306/10,306/14 ൽ ഉൾപ്പെട്ടുവരുന്ന 1.2 ഏക്കർ സ്ഥലം 2013 ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കാവുന്നതും അതിൽ 77 സെന്റ് കല്ലുവാതുക്കൽ കുടിവെള്ള പദ്ധതിക്കും ബാക്കി വരുന്ന 43 സെന്റ് സ്ഥലം ലൈഫ് പദ്ധതിക്കുമായി ഉപയോഗപ്പെടുത്തുവാനും ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാ കളക്ടർ, കൊല്ലം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, വെള്ളയമ്പലം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനിയർ, പ്രോജക്ട് ഡിവിഷൻ, വാട്ടർ അതോറിറ്റി, കൊല്ലം
സെക്രട്ടറി, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്
ജലവിഭവ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ